***"CORRUPTION, A CRIME AGAINST NATION"***

*വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ*
*തിരുവനന്തപുരം-695033*
*ഇ.മെയിൽ : vig.vacb@kerala.gov.in*
*ഫോൺ-0471-2305393*
*തീയതി 19.12.2019*

**ആർ.ടി ഓഫീസ് ഉദ്യോഗസ്ഥർക്ക് ഏജന്റുമാർ മുഖേന കൈക്കൂലി : ഇരുപതിനായിരത്തോളം രൂപ വിജിലൻസ് പിടിച്ചെടുത്തു**

വടകര ജോയിന്റ് ആർ.ടി ഓഫീസിൽ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിനായി ഏജന്റുമാർ കൊണ്ട് വന്ന 19650/- രൂപ ഇന്ന് നടന്ന മിന്നൽ പരിശോധനയിൽ വിജിലൻസ് സംഘം പിടികൂടി. കോഴിക്കോട് വടകര ജോയിന്റ് ആർ.ടി ഓഫീസിലെ ജീവനക്കാർ ഏജന്റുമാർ മുഖേന പൊതു ജനങ്ങളിൽ നിന്നും കൈക്കൂലി വാങ്ങുന്നതായി വിജിലൻസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പരിശോധന. വടകര ജോയിന്റ് ആർ.ടി ഓഫീസ് വഴി ഡ്രൈവിംഗ് ലൈസൻസിന് സമീപിക്കുന്നവരിൽ നിന്നും 100/- രൂപ വീതവും വാഹന രജിസ്ട്രേഷന് 300/- വീതവും ഏജന്റുമാർ പിരിച്ച് ജോയിന്റ് ആർ.ടി.ഒ-ഓഫീസിലെ ഉദ്യോഗസ്ഥരെ ഏല്പിക്കുന്നതായും ഉദ്യോഗസ്ഥർ അതാത് ദിവസത്തെ കളക്ഷൻ വിവിധ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി ആഴ്ചയിലൊരിക്കൽ വീതം വച്ചെടുക്കുന്നതായും വിജിലൻസിന് രഹസ്യ വിവരം ലഭിച്ചിരുന്നു.

തുടർന്ന് കോഴിക്കോട് വിജിലൻസ് സ്പെഷ്യൽ പോലീസ് സൂപ്രണ്ട് ശ്രീ. ശശിധരൻ.ഐ.പി.എസിന്റെ നിർദ്ദേശപ്രകാരം ഡി.വൈ.എസ്.പി ശ്രീ. ഷാജി വർഗ്ഗീസിന്റെ നേതൃത്വത്തിൽ ഇന്ന് (19.12.2019) വൈകിട്ട് 4 മണിയോടെ വടകര ജോയിന്റ് ആർ.ടി ഓഫീസിൽ മിന്നൽ പരിശോധന നടത്തവേ ജോയിന്റ് ആർ.ടി ഓ ശ്രീ സുരേഷിന്റെ കാബിനിൽ വച്ച് ഏജന്റായ മനോജിനെ 13000/- രൂപയുമായും ആഫീസിലെ മറ്റ് ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിനായി കൈക്കൂലി പണവുമായി മറ്റൊരു ഏജൻറ്റായ ചന്ദ്രനിൽ നിന്നും 5400/- രൂപയും മറ്റൊരു ഏജന്റായ സൂര്യനാരായണനിൽ നിന്നും 1250/- രൂപയും വിജിലൻസ് സംഘം പിടിച്ചെടുക്കുകയായിരുന്നു. ഏജന്റുമാർ മുഖേന കൈക്കൂലിയായി ലഭിച്ച തുക

ആർ.ടി ഓഫീസിലെ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയതിന്റെ വിശദാംശങ്ങളും വിജിലൻസ് സംഘം ഇന്ന് നടത്തിയ പരിശോധനയിൽ പിടിച്ചെടുത്ത് വിശദപരിശോധനയ്ക്ക് വിധേയമാക്കി വരുന്നു.

വടകര ജോയിന്റ്__ ആർ.ടി.ഓ-യിൽ ഇന്ന് നടന്ന പരിശോധനയിൽ പോലീസ് ഇൻസ്പെക്ടർ ശ്രീ സജീവൻ, അസി. പോലീസ് സബ് ഇൻസ്പെക്ടർ അമൃത സാഗർ, സീനിയർ സിവിൽ പോലീസ് ഓഫീസർ ബിജേഷ് , സിവിൽ പോലീസ് ഓഫീസർമാരായ ശ്രീ.ശൈലേഷ്, ബിജു എന്നിവരും പങ്കെടുത്തു.

മിന്നൽ പരിശോധനയെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് മേൽ നടപടികൾക്കായി സർക്കാരിന് അയച്ചു കൊടുക്കുമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. അനിൽകാന്ത് ഐ.പി.എസ് അറിയിച്ചു.